## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4350 — 24.10.2016 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസിന്റെ വില്പനശാലകളിൽ വില സ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. റോജി എം. ജോൺ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര വർഷത്തേക്കാണ് വില വർദ്ധനയില്ലാതെ ഉത്പന്നങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതുവരെ വർദ്ധിപ്പിക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) വില വർദ്ധനയില്ലാതെ ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) അവശ്യവസ്തുക്കൾ പൊതുവിപണിയിൽ നിന്ന് വാങ്ങുന്നതിന് സുതാര്യമായ ഇ-ടെൻഡർ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിലൂടെ കാര്യക്ഷമമായി വാങ്ങുകയും സർക്കാർ നിശ്ചയിക്കുന്ന വിലയിൽ വിതരണം ചെയ്യുന്നുമുണ്ട്. മാർക്കറ്റ് ഇടപെടൽ പദ്ധതിവഴി സബ്സിഡി സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച ഏറ്റവും കൂടുതൽ ബജറ്റ് വിഹിതമാണ്. 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ